**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 291** **09-10-2025 - ൽ മറുപടിയ്ക്ക്**

**പ്രത്യേക ഓട്ടിസം സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓട്ടിസം ബാധിതരായ കുട്ടികൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രത്യേക ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം കേന്ദ്രങ്ങളിൽ നിന്നും ആവശ്യമായ ചികിത്സയും പരിശീലനവും തെറാപ്പിയും ലഭ്യമാക്കുന്നതിന് സംവിധാനമുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് ഓട്ടിസം ബാധിതരായ കുട്ടികൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രത്യേകം ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ നിന്നും ആവശ്യമായ ചികിത്സയും പരിശീലനവും തെറാപ്പിയും ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>വൈകല്യം എത്രയും നേരത്തെ കണ്ടെത്തുകയും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുകയും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കി സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിലൂടെ ഇവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയെന്നതുമാണ് പ്രത്യേകം ഓട്ടിസം സെന്ററുകളുടെ മുഖ്യ ലക്ഷ്യം .<br><br>ഓട്ടിസം കുട്ടികൾക്കായി സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സ്പെക്ട്രം (SPECTRUM). ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും രക്ഷിതാക്കൾക്കും ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം, വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഓട്ടിസം കുട്ടികളുടെ ആശയ വിനിമയ ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കലും ലഭ്യമാക്കലും ഓട്ടിസം കുട്ടികളുടെ നൈപുണ്യവികസനം തുടങ്ങിയവയാണ് നടപ്പിലാക്കി വരുന്നത് . |

സ്പെക്ട്രം (SPECTRUM) പദ്ധതി മുഖേന നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. **ഓട്ടിസം സെന്ററുകൾ**

സംസ്ഥാനത്ത് ഡിപ്പാർട്ട്മെന്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ സഹായത്തോടെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത സെന്ററുകളിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്തുവരുന്നു. ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ്, ഡെവലപ്മെന്റൽ തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ് .

2. **റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ**

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവുമായ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (NIPMR) സെന്ററിൽ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട് .

ഓട്ടിസം മേഖലയിൽ നടപ്പിലാക്കി വരുന്ന മറ്റു പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

**1. ചൈൽഡ് ഡെവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ**

ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ പ്രത്യേകമായി ലഭ്യമാക്കുന്നതിനും ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട് .

2. **സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ**

സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോട്ടു കൂടിയ പുനരധിവാസ പ്രവർത്തനങ്ങളും ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തുന്നതിനായി ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയുള്ള തെറാപ്പികളും പരിശീലനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

**3. സ്റ്റേറ്റ് പ്രോഗ്രാം ഫോർ എഡ്യൂക്കേഷൻ ആന്റ് എംപവർമെന്റ് ഫോർ ഡിസെബിലിറ്റീസ് (SPEED – സ്പീഡ്)**

**ഭിന്നശേഷി വിഭാഗത്തിലെ ഓരോതരം വൈകല്യവസ്ഥയെ പറ്റി വിശദമായി പഠിക്കുന്നതിനും ആവശ്യമായ നേരത്തെയുള്ള ഇടപെടൽ സാധ്യമാക്കുന്ന രീതിയിൽ പ്രവർത്തന മാർഗരേഖകളും, ആവശ്യമായ പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നതിനും വേണ്ടിയുള്ള ഇടപെടൽ സാമൂഹ്യ സുരക്ഷാ മിഷൻ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ് മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്.**

**ഈ പ്രവർത്തനങ്ങൾക്ക് ഒരു ഏകോപനവും തുടർച്ചയും ആവശ്യമാണ് എന്നതിനാലാണ് ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനം മുതൽ പുനരധിവാസം വരെ നീണ്ടു നിൽക്കുന്ന ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ മെഡിക്കൽ/റിഹാബിലിറ്റേഷൻ/പാരാമെഡിക്കൽ/സപ്പോർട്ട്സർവീസ്/വിവിധ പേരന്റ് ഗ്രൂപ്പുകൾ എന്നിവർക്കായി തുടർച്ചയായ പരിശീലന ബോധവർക്കരണ പരിപാടികൾ സാമൂഹ്യനീതി വകുപ്പ് – കേരള സാമൂഹ്യ സുരക്ഷാ മിഷൻ - സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ് വഴി നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി State Program for Education and Empowerment for Disabilities (SPEED) എന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത്.**

പദ്ധതി പ്രഖ്യാപനത്തിന്റെ ഭാഗമായി ഒന്നാമത്തെ ഇടപെടലായി ഓട്ടിസം മേഖലയിലെ നേരത്തെയുള്ള കണ്ടെത്തലിനും ഇടപെടലിനുമാവശ്യമായ "Comprehensive Resource Book on Autism

Management" എന്ന ബുക്ക് റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

4. **ഹോർട്ടികൾച്ചർ തെറാപ്പി**

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം നടത്തുന്ന ഒരു പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ 2018 മുതൽ നടപ്പിലാക്കി വരുന്നു. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റിസയൻസ് വിഭാഗം വഴിയാണ് ഹോർട്ടികൾച്ചർ തെറാപ്പിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നത്. ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും ഇതിലൂടെ അവരെ ശാക്തീകരിച്ചു ആത്മവിശ്വാസം വളർത്തുന്നതിനും സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള ആത്മ വിശ്വാസം അവരിൽ ഉണ്ടാക്കിയെടുക്കുയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ ഒരു ഭിന്നശേഷി സൗഹൃദ മാതൃകാ ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. ഈ പദ്ധതി കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലും ആരംഭിച്ചിട്ടുണ്ട് .

**5. രക്ഷകർതൃ ശാക്തീകരണ പരിശീലന പരിപാടി**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽ തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലഭ്യമാക്കുന്നതിന് ഉതകുംവിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പദ്ധതിയാണിത്**.** അനുയാത്രയുടെ ഭാഗമായി ഓട്ടിസം**,** സെറിബ്രൽ പാൾസി**,** ബുദ്ധിപരമായ വെല്ലുവിളികൾ തുടങ്ങിയവയുള്ള കുട്ടികളുടെ രക്ഷിതാക്കൾക്കായി രക്ഷകർതൃ ശാക്തീകരണ പരിശീലന പരിപാടി എന്ന പേരിൽ ഒരു പരിശീലന പരിപാടി 2019-20 മുതൽ നടപ്പാക്കുകയുണ്ടായി**.** തെറാപ്പികൾ ഉൾപെടെയുള്ള വിവിധ മേഖലകളിൽ കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകാൻ രക്ഷിതാക്കളെ സജ്ജരാക്കുകയാണ് ഈ പരിശീലന പരിപാടി കൊണ്ട് ലക്ഷ്യമിടുന്നത്**.** മാതാപിതാക്കൾക്ക് സഹായകമാകുന്ന അനുയാത്ര **സഹയോഗി** എന്ന കൈപുസ്തകവും ഇതിന്റെ ഭാഗമായി തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്**.**

**6. തെറാപ്പി സെന്ററുകൾക്കായുള്ള മാർഗ്ഗരേഖ**

| | | | |
|---|---|---|---|
| | | | ഭിന്നശേഷിക്കാരായവർക്ക് പ്രത്യേകിച്ച് ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് ഗുണനിലവാരമുള്ള തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് തെറാപ്പി സെന്ററുകളെ എംപാനൽ ചെയ്യുന്നതിനാവശ്യമായ മാർഗ്ഗരേഖ "ഗൈഡ് ലൈൻസ് ഫോർ മിനിമം സ്റ്റാൻഡേർഡ് ഫോർ രജിസ്ട്രേഷൻ ഓഫ് തെറാപ്പി സെന്റർ" തയ്യാറാക്കിയിട്ടുണ്ട്.<br><br>വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ആകെ 168 ഓട്ടിസം സെന്ററുകൾ വിവിധ ബി.ആർ.സി. കളിലായി പ്രവർത്തിച്ചുവരുന്നു. വ്യക്തിഗത പരിശീലന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഡോക്ടർമാർ, തെറാപ്പിസ്റ്റുകൾ, ആയ തുടങ്ങിയവരുടെ സേവനം ലഭ്യമാണ്. എല്ലാ ഓട്ടിസം കേന്ദ്രങ്ങളിലും ഓട്ടിസം വിഭാഗത്തിൽ സ്പെഷ്യൽ ട്രെയിനിംഗ് നേടിയ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഓട്ടിസം ഉൾപ്പെടെയുള്ള ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കുടുംബങ്ങൾക്ക് ഒരുമിച്ച് താമസിക്കാവുന്ന അസിസ്റ്റീവ് വില്ലേജുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അവിടെ നിന്നും ലഭിക്കുന്ന സേവനങ്ങൾ വിശദമാക്കാമോ? | (ബി) | "സംയോജിത പുനരധിവാസ ഗ്രാമം" പദ്ധതി പ്രകാരം ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനു മൂന്ന് മേഖലകളിലായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, മലപ്പുറം ജില്ലകളിൽ ഇതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. തിരുവനന്തപുരം, മലപ്പുറം ജില്ലകളിലെ DPR പൂർത്തിയാക്കിയിട്ടുണ്ട്.<br><br>മലപ്പുറം ജില്ലയിൽ ബൗദ്ധികവെല്ലുവിളി നേരിടുന്നവർക്കുള്ള അസിസ്റ്റീവ് ലിവിംഗ് ഹോമും നിഷ് - ന്റെ എക്സ്റ്റെഷൻ സെന്ററുമാണ് ആരംഭിയ്ക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ മാനസിക/ബൗദ്ധിക വെല്ലുവിളി നേരിടുന്ന പുരുഷൻമാരുടെ പുനരധിവാസ കേന്ദ്രവും അസിസ്റ്റീവ് ലിവിംഗ് ഹോമും ആരംഭിയ്ക്കുന്നതിനാണ് പ്രൊജക്റ്റ് ലഭ്യമാക്കിയിട്ടുള്ളത്. ഭിന്നശേഷി വ്യക്തികൾക്കുള്ള തെറാപ്പി സേവനങ്ങൾ, തൊഴിൽ പരിശീലനം, respite കെയർ സേവനങ്ങൾ, പകൽ പരിപാലനം എന്നിവയും മേൽ പറഞ്ഞ കേന്ദ്രങ്ങളിൽ ക്രമീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ